117 (1335) "സ്റ്റേറ്റ് ഹൈവേകൾ"

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹൈവേകൾ സ്റ്റേറ്റ് ഹൈവേകളായി പ്രഖ്യാപിച്ചിട്ടുണ്ട്; അവ ഏതെല്ലാം; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഓരോ സ്റ്റേറ്റ് ഹൈവേയും തുടക്കം മുതൽ അവസാനിക്കുന്നതുവരെ കടന്നുപോകുന്ന പ്രധാനപ്പെട്ട സ്ഥലങ്ങൾ ഏതെന്ന് വെളിപ്പെടുത്തുമോ;

(സി) സ്റ്റേറ്റ് ഹൈവേകളുടെ റൂട്ട് തീരുമാനിച്ചിരിക്കുന്നത് ഏതെങ്കിലും ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) സ്റ്റേറ്റ് ഹൈവേകളുടെ റൂട്ട് നിശ്ചയിക്കുമ്പോൾ സർക്കാരിനുള്ള സാമ്പത്തിക ലാഭം കൂടി കണക്കിലെടുക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 22 എണ്ണം. അവയുടെ പട്ടിക അനുബന്ധം ഒന്നിൽ കൊടുത്തിരുന്നു.† റോഡുകൾ രണ്ടും മൂന്നും ജില്ലകളിൽ കൂടി കടന്നുപോകുന്നതിനാൽ അവയുടെ ജില്ല തിരിച്ചുള്ള കണക്ക് പ്രായോഗികമല്ല.

(ബി) അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്നു.

(സി) റോഡിലെ വാഹന സാന്ദ്രത, നിലവിലുള്ള റോഡിന് താങ്ങാൻ കഴിയുന്ന വാഹന സാന്ദ്രത, റോഡിന്റെ നീളം, റോഡിനെ മുറിച്ചു കടക്കുന്ന മറ്റു റോഡുകൾ, അവ കടന്നുപോകുന്ന സ്ഥലങ്ങളുടെ പ്രാധാന്യം, അന്തർ സംസ്ഥാന പ്രാധാന്യം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്റ്റേറ്റ് ഹൈവേകളുടെ റൂട്ട് തീരുമാനിക്കുന്നത്.

(ഡി) സ്റ്റേറ്റ് ഹൈവേകളുൾപ്പെടെ മറ്റെല്ലാ റോഡുകളുടെയും അലൈൻമെന്റ് നിശ്ചയിക്കുമ്പോൾ സാമ്പത്തിക ലാഭം ഒരു നിർണ്ണായക ഘടകമായി പരിഗണിക്കുന്നുണ്ട്.

118 (1336) "കണ്ണൂർ ജില്ലയിലെ ഹിൽഹൈവേ"

ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേയുടെ പ്രവൃത്തി സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഹിൽഹൈവേയുടെ ഏതെങ്കിലും ഭാഗം പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവോ എന്നും എങ്കിൽ അതിന്റെ വിശദാംശവും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കണ്ണൂർ ജില്ലയിലെ ഹിൽഹൈവേയുടെ ഭാഗമായ ആലങ്കോട് - കരുവഞ്ചാൽ-ഒട്ടുവള്ളിത്തട്ട്-നടുവിൽ എന്നതിന് പകരം ദൂരം കുറഞ്ഞ ആല ങ്കോട് കരുവഞ്ചാൽ-കാവുകുന്ന്-നടുപാൽ എന്ന ഭാഗം ഹിൽഹൈവേക്കായി അലൈൻമെന്റിൽ ഉൾപ്പെടുത്തണമെന്ന നടുവിൽ പഞ്ചായത്തിന്റെ പ്രമേയത്തി ന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഹിൽഹൈവേയുടെ പുനരുദ്ധാരണത്തിനായി ഏതെങ്കിലും ഏജൻസിയുടെ സാമ്പത്തിക സഹായം തേടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഹിൽഹൈവേയുടെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന്റെ ആദ്യപടിയായി തിരുവനന്തപുരം ജില്ലയിലെ കട്ടക്കറയിൽ നിന്നാരംഭിച്ച് കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവിൽ അവസാനിക്കുന്ന ഹിൽ ഹൈവേയെ സർക്കാരിന്റെ 1.3.97-ലെ സാധാരണ ഉത്തരവ് നം. 282/97/പൊമഗവ. പ്രകാരം സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നടുവിൽ പഞ്ചായത്തിന്റെ പ്രമേയം പരിശോധിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

119 (1337) തൃശ്ശൂർ ജില്ലയിലെ സ്റ്റേറ്റ് ഹൈവേ റോഡുകൾ

ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ സ്റ്റേറ്റ് ഹൈവേകളായി ഉയർത്തിയിട്ടുള്ള റോഡുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) ജില്ലയിൽ പുതിയതായി സ്റ്റേറ്റ് ഹൈവേകളായി ഉയർത്തുന്ന തിന് നിർദ്ദേശിച്ചിട്ടുള്ള റോഡുകൾ ഏതൊക്കെ;

(സി) ചേർപ്പ്-നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആനക്കല്ല്, പാറയ്ക്കൽ, കുങ്ങോളിക്കടവ്, പെരിങ്ങോട്ടുക്കര റോഡ് സ്റ്റേറ്റ് ഹൈവേ യായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ റോഡിന്റെ പുനർനിർമ്മാണത്തിനായി എന്തൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ചെയ്യുന്നതെന്ന് വ്യക്ത മാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ താഴെപ്പറയുന്ന റോഡുകൾ സ്റ്റേറ്റ് ഹൈവേകളായി ഉയർത്തിയിട്ടുണ്ട്.

1. വടകര-കൊടുങ്ങല്ലൂർ റോഡ്
2. പോട്ട-മൂന്നുപീടിക റോഡ്
3. പെരുമ്പിലാവ്-നിലമ്പൂർ റോഡ്
4. ഗുരുവായൂർ ചുണ്ടൻ റോഡ്

LIBRARY ARCHIVES Kerala Legislative Assembly